• നിരീക്ഷണം/നിലപാട്



# പ്ലാച്ചിമട സമരം – ഭാവി രാഷ്ട്രീയം

സി.ആർ. നീലകണ്ഠൻ

ഫോട്ടോ : ഗിരീഷ്, മാതൃഭൂമി

പ്ലാച്ചിമട കോളവിരുദ്ധ സമരത്തിന്റെ അഞ്ചാം വാർഷികത്തിൽ (ഏപ്രിൽ 22) 100 ദിവസത്തെ റിലേ നിരാഹാര സമരം ആരംഭിച്ചപ്പോൾ

പ്ലാച്ചിമട പോലൊരു സമരത്തെ വിജയം/പരാജയം എന്ന ദ്വന്ദത്തിലേക്കൊതുക്കുന്നതുതന്നെ അതിന്റെ തുടർച്ചയാണെന്ന അഭിപ്രായമാണ് എനിക്കുള്ളത്. (അരുന്ധതി റോയിയും ടി.ടി. ശ്രീകുമാറും മറ്റും പറഞ്ഞതുപോലെ) എപ്പോഴാണ് ഒരു സമരം പൂർണവിജയമാകുകയെന്ന ചോദ്യത്തിന് എപ്പോഴാണ് ഒരു മനുഷ്യൻ പൂർണ സന്തുഷ്ടനാകുകയെന്നതുപോലെ ഒരു അമൂർത്തതയുണ്ട്. ഓരോ മനുഷ്യനും സംതൃപ്തി വ്യത്യസ്തമാണെന്നതുപോലെ പ്ലാച്ചിമട സമരത്തിൽ പങ്കെടുത്ത, അതിനോടനുഭാവം പ്രകടിപ്പിച്ച ഓരോ വിഭാഗത്തിനും വ്യക്തിക്കും 'വിജയ'ത്തിന്റെ നിർവ്വചനം വ്യത്യസ്തമാകാം. ഇതു തിരിച്ചറിയണമെങ്കിൽ പ്ലാച്ചിമട സമരത്തിന്റെ രാഷ്ട്രീയമറിയണം. തങ്ങളുടെ ജീവജലം നഷ്ടപ്പെട്ട (മലിനമായും ശോഷിച്ചും) പ്രാദേശിക സമൂഹമാണ് സമരം ആരംഭിച്ചത്. എന്നാൽ പിന്നീട് പല ഘട്ടങ്ങളിലായി അങ്ങേയറ്റം വൈവിധ്യങ്ങളുള്ളവരും പലവിധ വൈരുദ്ധ്യങ്ങളുള്ളവരും ഈ സമരത്തിനൊപ്പമെത്തി. മുമ്പൊരിക്കൽ എഴുതിയതാണെങ്കിലും ആവർത്തിക്കട്ടെ "പുറത്തുവച്ചു കണ്ടാൽ പരസ്പരം കടിച്ചുകീറുന്നവരാണെങ്കിലും പ്ലാച്ചിമട പന്തലിനകത്ത് അവർക്കെല്ലാം ഒരുമിച്ചിരിക്കേണ്ടിവന്നു." ഇതിനു വ്യക്തമായ കാരണമുണ്ട്. 'സമരസമിതി മുന്നോട്ടുവെച്ച ഏറ്റവും പ്രധാന മുദ്രാവാക്യമായ കൊക്കകോള കമ്പനി അടച്ചുപൂട്ടുക എന്നതിനോട് ഇവരെല്ലാം ഒരുപോലെ യോജിച്ചിരുന്നുവെന്നതാണ്. പലകാരണങ്ങൾകൊണ്ടും പലകാലത്തും സമരത്തിലെത്തിയ ഇവരെ ഒന്നിച്ചു നിർത്തിയത് സമരത്തിന്റെ ഈ മുദ്രാവാക്യമായിരുന്നു. സമരത്തെ പിന്താങ്ങാനെത്തിയവരോട് സമരക്കാർ 'സമദൂരം' (അഥവാ സമ അടുപ്പം) എന്ന നയമാണ് സ്വീകരിച്ചത്. ഗാന്ധിയന്മാരും മാർക്സിസ്റ്റുകാരും (അതിൽത്തന്നെ വ്യത്യസ്ത വിഭാഗങ്ങൾ) പരിസ്ഥിതി-മനുഷ്യാവകാശ-ദളിത് പ്രവർത്തകരും സന്നദ്ധസംഘടനകളും (വിദേശഫണ്ട് വാങ്ങുന്നവരും വാങ്ങാത്തവരും) സോഷ്യലിസ്റ്റുകളും സ്വതന്ത്ര നിലപാടുകാരും മതാടിസ്ഥാനത്തിലുള്ള സംഘടനകളും യുക്തിവാദികളും വന്നു. ഇതിന്റെയെല്ലാം ഫലമായി പഞ്ചായത്തും വന്നു. ആഗോളഭീമനാണ് കോളയെന്നതിനാൽ സമരത്തിന് ആഗോള പ്രശസ്തിയും പിന്തുണയും കിട്ടി. ഇവരുടെ പലരുടെയും മുൻനിലപാടുകളോട് ശക്തമായ എതിർപ്പുള്ളവരാണ് സമരക്കാർ. പക്ഷെ അതൊന്നും സമരമുഖത്ത് ദൃശ്യമാകുന്നില്ല. ഇത്രയും തുറന്നതും വിശാലവുമായ ഐക്യനിര രൂപപ്പെടുത്താനായിയെന്നതുതന്നെ പ്ലാച്ചിമട സമരത്തിന്റെ വിജയമാണ്. അത് മാതൃകയാണ്. മറിച്ച് ഇതിലെത്തിയ ഓരോരുത്തരോടും അഭിപ്രായ വ്യത്യാസങ്ങളുയർത്തി (നിരവധിയുണ്ട്) കലഹിക്കാനാണ് സമരസമിതി തുനിഞ്ഞിരുന്നതെങ്കിൽ കഥ മറ്റൊന്നാകുമായിരുന്നു. ഇതിൽ ഓരോ വിഭാഗത്തിന്റെ പിന്തുണയും പ്രധാനം തന്നെയായിരുന്നു. അതിൽ മൂപ്പിളതർക്കം ഉന്നയിക്കുന്നത് ശരിയാണെന്ന് സമരക്കാർ കരുതിയില്ല. ഏതെങ്കിലും ഒരു വിഭാഗത്തോട് കൂടുതൽ 'അടുപ്പം' കാണിച്ചാലും പ്രശ്നമാണ്. നിലവിലുള്ള രാഷ്ട്രീയ കക്ഷി ഘടനയും സാമൂഹ്യഘടനയും അവർക്കിടയിലെ ആഭ്യന്തരബന്ധങ്ങളും ഇത്തരമൊരു സമരം ഉയർന്നുവരുന്നതിന് തടസമാണ്. അത്തരം സാമൂഹ്യബന്ധങ്ങളിലെ നിയമങ്ങൾക്ക് കീഴ്പെടാതിരുന്നുവെന്നതാണ് സമരത്തിന്റെ വിജയം. ഇടതു-വലതു തർക്കങ്ങൾക്കൊന്നും പ്രസക്തിയില്ലെന്നർത്ഥം. കാരണം ചൂഷണം-മൂലധനം-വികസനം തുടങ്ങിയ അടിസ്ഥാന രാഷ്ട്രീയ പ്രശ്നങ്ങളിൽ അവർ തമ്മിൽ കാര്യമായ വ്യത്യാസ

ങ്ങളൊന്നുമില്ലെന്നു തിരിച്ചറിയാൻ സമരക്കാർക്കായി. എന്നല്ല അതു തുറന്നു കാട്ടാനും അവർക്കായി. നാളിതുവരെ പരിസ്ഥിതി, മനുഷ്യാവകാശം, സ്ത്രീനീതി തുടങ്ങിയ നവസാമൂഹ്യ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്നവർക്കും (രാഷ്ട്രീയകക്ഷികൾക്കെന്നപോലെ) ഒരു പാഠമായിരുന്നു പ്ലാച്ചിമട. അധികാര ഘടനയിൽ നിർണായക സ്ഥാനത്തുള്ള രാഷ്ട്രീയ സാമൂഹ്യശക്തികളെ അവഗണിക്കുകയോ കാടടച്ചു വിമർശിക്കുകയോ ആണിവർ ചെയ്തത്. ഇതിലൂടെ ഇവർ ഉയർത്തുന്ന പ്രശ്നങ്ങൾ 'അരാഷ്ട്രീയ'മാണെന്നു സ്ഥാപിക്കാൻ അധികാരകേന്ദ്രങ്ങൾക്കും കഴിഞ്ഞു. വ്യക്തിതലത്തിൽ ചില നേതാക്കൾ 'അനുഭാവം' പ്രകടിപ്പിക്കുമെങ്കിലും അധികാരഘടനയുമായി അർത്ഥപൂർണമായ സംവാദം ഇത്തരം പ്രസ്ഥാനങ്ങൾക്കു സാദ്ധ്യമായിരുന്നില്ല. (മദ്യനിരോധനം മുതൽ ആദിവാസി ഭൂമി പ്രശ്നം വരെ)

കോളക്കമ്പനി പൂട്ടിയതോടെ സ്ഥിതിഗതികളിൽ കാര്യമായ വ്യത്യാസം വന്നു. (സ്വാതന്ത്ര്യ സമരത്തിനുശേഷം സ്വാതന്ത്ര്യം കിട്ടിയ അവസ്ഥ) ഇനിമേൽ സമരത്തിന്റെ കേന്ദ്ര മുദ്രാവാക്യം എന്തായിരിക്കണം എന്ന പ്രശ്നമുയർന്നു. ഇതിനിടിയിൽ കോളക്കനുകൂലമായി ഒരു കോടതി വിധിയുണ്ടായപ്പോൾ പെട്ടെന്ന് എല്ലാവരും ഒത്തുചേർന്നതോർക്കാം. പക്ഷെ ഇടതുപക്ഷം അധികാരമേറ്റതോടെ ഇനി പ്ലാച്ചിമടയിൽ കോളക്കമ്പനി പ്രവർത്തിക്കില്ലെന്ന തോന്നൽ വ്യാപകമായി. ഇത് സമര ഐക്യം കുറക്കാൻ സഹായകരമായി. മയിലമ്മ സംബന്ധിച്ച നിലപാടുകൾ ഇവിടെ വിശദീകരിക്കുന്നില്ല. പക്ഷെ ഒന്നു പറയാം. ''മയിലമ്മ പന്തലിൽ കയറാതായതോടെ പ്ലാച്ചിമട സമരം ശക്തമായി" എന്ന രൂപത്തിലുള്ള അഭിപ്രായപ്രകടനങ്ങൾ ഉയർന്നതോടെ പ്ലാച്ചിമട സമരത്തിന്റെ പഴയ രൂപം അവസാനിച്ചു. (കേവലം മയിലമ്മയുടെ മൃതശരീരത്തിന് പ്രവേശം നിഷേധിച്ചതല്ല പ്രശ്നം. അതിനു മുമ്പേയുള്ളതാണ്.) കാരണം ആരെങ്കിലുമൊരാൾ അല്ലെങ്കിൽ ഒരു വിഭാഗം വരാതായാൽ 'ശക്തിപ്പെടു'ന്നതല്ല പ്ലാച്ചിമട സമരം. അത് ഇന്നാട്ടിൽ സാധാരണയായി കാണുന്ന വ്യവസ്ഥാപിത സമരം തന്നെയാണ്. അതിന്റെ നിയമങ്ങൾ സാധാരണ രാഷ്ട്രീയകക്ഷികളും സാമൂഹ്യ പ്രസ്ഥാനങ്ങളും നടത്തുന്ന സമരങ്ങളുടേതുതന്നെയാണ്. കുറച്ചു പേർക്ക് 'വ്യക്തമായ മേൽക്കൈ' ആ സമരങ്ങളിലെല്ലാമുണ്ട്. അതാർക്കായിരിക്കണം എന്ന തർക്കം നടക്കും. ഒരു വിഭാഗം മറ്റൊന്നിനെ പുറന്തള്ളും. ഇരു കൂട്ടരും പരസ്പരം ആരോപണങ്ങൾ ഉന്നയിക്കും. ഇരുകൂട്ടരും ശക്തിപ്രകടനം നടത്തും. ഇതെല്ലാം പ്ലാച്ചിമടയിൽ ആവർത്തിക്കുന്നു.

സമരം നടത്താൻ എല്ലാവർക്കും അവകാശമുണ്ട്. ആഗോളവൽക്കരണ നയങ്ങൾക്കെതിരെ വ്യവസ്ഥാപിത ഇടതുപക്ഷം എത്ര സമരങ്ങൾ നടത്തുന്നു. പണിമുടക്കുകൾ, ഹർത്താലുകൾ, മാർച്ചുകൾ, പിക്കറ്റിങ്ങുകൾ... അതും വ്യത്യസ്ത വിഭാഗങ്ങളിലായി - തൊഴിലാളി, കർഷകൻ, യുവാവ്, വിദ്യാർത്ഥി, സ്ത്രീ, ദളിത് ആദിവാസി - അവരിതു നടത്തുന്നു. നമ്മളാരും അതിനെ ഗൗരവമായി കാണാറില്ല. കാരണം അത് 'അനുഷ്ഠാന' മാണെന്നറിയാം. അവർ തുറന്നു സമ്മതിക്കില്ലെങ്കിലും. ആ സമരം നടത്തുന്നവർതന്നെ എഡിബിക്കും ബഹുരാഷ്ട്രി മൂലധനത്തിനും വഴിയൊരുക്കുന്നതു നാം കാണുന്നു.

സിപിഎമ്മിനും മറ്റും അവരുടേതായ അജണ്ടകളുണ്ട്. അതിനെ അതിനിശിതമായി വിമർശിക്കുന്നതിൽ തെറ്റുമില്ല. (അല്ല, അനിവാര്യമാണ്.) പക്ഷെ അത് ഏതു പ്ലാറ്റ്ഫോമിൽ നിന്നാകണം എന്നതാണ് പ്രശ്നം. ഏതു രാഷ്ട്രീയം വച്ചുകൊണ്ടാകണം എന്നതാണ് പ്രശ്നം. സമരത്തിൽ നിന്നിരുന്ന ഒരു വിഭാഗത്തെ വിമർശിക്കുമ്പോൾ അതുപോലെ (ഒരുപക്ഷെ അതിനേക്കാൾ) തെറ്റായ നയങ്ങൾ സ്വീകരിക്കുന്ന രാഷ്ട്രീയ നേതാക്കളെ കൂടെയിരുത്തിക്കൊണ്ടാകുമ്പോൾ അതു പ്രശ്നമാകുന്നു. കോൺഗ്രസും ആർഎസ്എസും മുസ്ലീം ലീഗും മുതൽ വിദേശഫണ്ടു വാങ്ങുന്നവർ വരെയിരിക്കുന്ന - അവരടങ്ങുന്ന - പ്ലാറ്റ്ഫോം ഇതിനുപയോഗിക്കുകയും കൂടെ നിൽക്കുന്നവരുടെ രാഷ്ട്രീയത്തെപ്പറ്റി മിണ്ടാതിരിക്കുകയും (നന്ദിഗ്രാമിനെപ്പറ്റി പറയാൻ കോൺഗ്രസിനോ ആർഎസ്എസിനോ ഉള്ള അവകാശമല്ല പ്ലാച്ചിമട സമരസമിതിക്കുണ്ടാകേണ്ടത്) ചെയ്യുമ്പോൾ ഇടതുപക്ഷത്തിന് പണി എളുപ്പമാകുന്നു. പശ്ചിമബംഗാളിൽ ഈയിടെയുണ്ടായ രണ്ടു സമരങ്ങൾ സൂക്ഷ്മമായി പരിശോധിച്ചാൽ ഇതു ബോധ്യമാകും. സിംഗൂരിലും നന്ദിഗ്രാമിലും കൃഷിഭൂമി വ്യവസായികൾക്കും മൂലധനശക്തികൾക്കും കൈമാറുന്നതിനെതിരെയാണ് സമരമുണ്ടായത്. പക്ഷെ സിംഗൂരിൽ വൻപരാജയമായി കാരണം പാവപ്പെട്ട ജനങ്ങളുടെ സമരം പശ്ചിമബംഗാളിലെ 'കക്ഷിരാഷ്ട്രീയ' വ്യവസ്ഥിതിയുടെ കളത്തിലേക്കു മാറ്റാൻ മമതാ ബാനർജിക്കു കഴിഞ്ഞു. മമതയുടെ ജീവൻ, സിംഗൂരിലെ ഭൂമിയേക്കാൾ പ്രധാനമായി. പക്ഷെ നന്ദിഗ്രാമിലെ സമരക്കാർ ഈ അപകടം തിരിച്ചറിഞ്ഞു. അവർ ഒരു രാഷ്ട്രീയകക്ഷിക്കു വേണ്ടിയോ എതിരായോ നിന്നില്ല. തങ്ങളുടെ ഭൂമി സംരക്ഷിക്കാനാണവർ സമരം നടത്തിയത്. അതുകൊണ്ടു തന്നെ കക്ഷിരാഷ്ട്രീയ തന്ത്രങ്ങൾ ഉപയോഗിച്ച് അതിനെ തകർക്കാൻ സർക്കാരിനായില്ല. ജീവൻ നൽകിയും അവർക്ക് ഭൂമി സംരക്ഷിക്കാനായി. ഈ വീക്ഷണത്തിൽനിന്നുകൊണ്ടു മാത്രമേ പ്ലാച്ചിമട സമരത്തിന്റെ വിജയപരാജയങ്ങളും ഭാവിയും വിലയിരുത്താനാകൂ. ഏതു കേന്ദ്രമുദ്രാവാക്യം വച്ചുകൊണ്ടാണ് ഇനി സമരം തുടരേണ്ടതെന്ന് സമരസമിതി തീരുമാനിക്കണം. അതിനുവേണ്ടി 'മറ്റുള്ളവർ' പഠനം നടത്തുന്നതിൽ അർത്ഥമില്ല. തങ്ങളുടെ കേന്ദ്രമുദ്രാവാക്യത്തിലേക്ക് മുൻവിധികളില്ലാതെ മറ്റെല്ലാവരെയും കൊണ്ടുവരാനാണ് ശ്രമിക്കേണ്ടത്. അത് നഷ്ടപരിഹാരമാകാം, ഭൂമിയും വെള്ളവും പുനഃസ്ഥാപിക്കലാകാം. (സംസ്ഥാനമൊട്ടാകെ ഭൂഗർഭജലനയം നടപ്പിലാക്കുന്നതൊന്നും പ്ലാച്ചിമട സമരസമിതിയുടെ ആവശ്യമല്ല - പെപ്സി അടപ്പിക്കണമെന്നപോലുമല്ല) ഈ ലക്ഷ്യം നേടാൻ ആരുടെയൊക്കെ ഏതൊക്കെ വിധത്തിലുള്ള സഹായം തേടണമെന്നു തീരുമാനിക്കണം. ഇതാണോ ഇപ്പോൾ നടക്കുന്നത്?

നേരത്തെ പറഞ്ഞതുപോലെ പ്ലാച്ചിമട സമരത്തിൽ ആർക്കും പങ്കെടുക്കാം. അതിവിശാലമായ പ്ലാറ്റ്ഫോം ഇതിനായി രൂപപ്പെടുത്തപ്പെട്ടിട്ടുണ്ട്. അതുപയോഗിക്കാൻ വളരെ എളുപ്പമാണ്. ലോകത്തെവിടെയും ആ പ്ലാറ്റ്ഫോം ഉണ്ടുതാനും. സോഷ്യലിസം, കമ്മ്യൂണിസം, ഗാന്ധിസം,

(ശേഷം 39-ാം പേജിൽ)

നിലനിൽക്കുകയാണ്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിനുവേണ്ടി പ്രൊഫ. വി.ആർ. രഘുനന്ദൻ അശാസ്ത്രീയവും അപൂർണ്ണവുമായ വാപ്കോസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പദ്ധതി നടപ്പിലാക്കരുതെന്ന പരിഷത്ത് നിലപാട് വ്യക്തമാക്കുന്ന പ്രമേയം സമർപ്പിച്ചു.

ഡോ. എം.കെ. പ്രസാദ്, ഡോ. എം.പി. പരമേശ്വരൻ എന്നിവരും പദ്ധതിക്കെതിരായി രേഖാമൂലമുള്ള നിവേദനങ്ങൾ നൽകി.

അവാർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാദർ ഡേവിസ് കിഴക്കുംതല കാടർ വിഭാഗത്തിൽപ്പെട്ട ആയിരത്തി അഞ്ഞൂറോളം പേർ മാത്രമാണ് ഇന്ന് അവശേഷിക്കുന്നതെന്നും അത് ഇരുപത് ശതമാനവും പദ്ധതി പ്രദേശത്താണ് താമസിക്കുന്നതെന്ന് വ്യക്തമാക്കി. പുനരധിവാസ ബാദ്ധ്യതയിൽനിന്ന് രക്ഷപ്പെടാൻ വാപ്കോസ് പഠനത്തിൽനിന്നും ഇവരെ മനഃപൂർവ്വമായി ഒഴിവാക്കിയെന്ന് അദ്ദേഹം ആരോപിച്ചു. തുച്ഛമായ നേട്ടത്തിനു വേണ്ടി വികസനത്തിന്റെ പേരിൽ മനുഷ്യത്വഹീനമായ പ്രവർത്തി ചെയ്യരുതെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

ഡോ. സി.എം. ജോയ് (കേരള നദീ സംരക്ഷണ സമിതി ജനറൽ സെക്രട്ടറി), ഡോ. എലിസബത്ത് (റിട്ട. അസോസിയേറ്റ് പ്രൊഫസർ, കാർഷിക സർവ്വകലാശാല), പി.കെ. ധർമ്മരാജൻ (നിലനിൽപ്പ്, കൊടുങ്ങല്ലൂർ), ശിവൻകുട്ടി (ഫാസ് പാഡി), ഫ്രാൻസിസ് പുളിക്കൻ (മർച്ചന്റ്സ് അസോസിയേഷൻ, അതിരപ്പിള്ളി), അഫ്സൽ (സോളിഡാരിറ്റി മൂവ്മെന്റ്), ശ്രീധരൻ തേറമ്പിൽ (അതിരപ്പിള്ളി-പാത്രക്കടവ് ഐക്യദാർഢ്യ സമിതി, തൃശൂർ), സോനു (പുത്തൻവേലിക്കര കുട്ടിക്കളിക്കൂട്ടം), എന്നിവർ പദ്ധതിക്കെതിരായ വാദമുഖങ്ങളും വാപ്കോസ് റിപ്പോർട്ടിലെ അപാകതകളും ചൂണ്ടിക്കാട്ടി. തദ്ദേശവാസികളെ പ്രതിനിധാനം ചെയ്ത് എം.കെ. അമ്മിണി പദ്ധതി നടപ്പിലാക്കരുതെന്ന് അഭ്യർത്ഥിച്ചു.

മൂന്നുദിവസവും കേന്ദ്രസമിതിക്കൊപ്പം പര്യടനം നടത്തിയ കെഎസ്ഇബി ഔദ്യോഗിക സംഘത്തിന്റെ സംവേദനം ഏപ്രിൽ 13ന് ടൗൺഹാളിൽ നടന്ന ചടങ്ങിന് ഔപചാരികമായ സ്വാഗതവും കൃതജ്ഞതയും പറയുന്നതിലൊതുങ്ങി. ഒരിക്കൽപോലും മനസ്സ് തുറക്കാൻ കെഎസ്ഇബി തയ്യാറായില്ല. പദ്ധതിയെപ്പറ്റി ആധികാരികമായി അറിയാവുന്ന ശാസ്ത്രസാങ്കേതിക വിദഗ്ധരടങ്ങുന്ന കമ്മിറ്റിയുടെ സാന്നിദ്ധ്യത്തിൽ ഭിന്നാഭിപ്രായമുള്ളവരുമായി ആശയ വിനിമയം നടത്താനുള്ള അവസരം സൃഷ്ടിക്കാൻ എന്തുകൊണ്ടോ കെഎസ്ഇബി അറച്ചുനിൽക്കുന്നതായി തോന്നി. വേണ്ടതു വേണ്ടപ്പോൾ ചെയ്യാത്തതുകൊണ്ട്, ഇതിനകം ഏറെ വൈകിയ പദ്ധതി ഇനിയും നീണ്ടുപോകുന്നതിലുള്ള ഉത്തരവാദിത്വം ആരുടെ തലയിലാണ് കെട്ടിവയ്ക്കുക?

---

36-ാം പേജിൽനിന്ന് തുടർച്ച

## പ്ലാച്ചിമട – ഭാവി...

ഹ്യൂമനിസം തുടങ്ങിയ പദങ്ങൾക്കുള്ള ഒരു സാർവ്വലൗകിക സ്വീകാര്യത ഈ വാക്കിനുണ്ടെന്നർത്ഥം. പക്ഷെ ഈ വാക്കുകൾക്ക് വ്യത്യസ്ത അർത്ഥമാകും ഉണ്ടാകുക. പക്ഷെ അതു പ്രശ്നമല്ല. ലാറ്റിനമേരിക്കയിൽ ഒരാൾ കമ്മ്യൂണിസ്റ്റ് എന്നു പറയുന്നതല്ല കേരളത്തിൽ അങ്ങനെ പറയുന്നത്. ലോകത്തെവിടെയും ആർക്കും അതെടുത്തുപയോഗിക്കാൻ അവകാശമുണ്ട്. മറ്റൊരു കൂട്ടർ അതു ചോദ്യം ചെയ്തേക്കാം. ആരാണ് ശരിയായ കമ്മ്യൂണിസ്റ്റ് ഗാന്ധിയൻ എന്നൊക്കെ തർക്കമുണ്ടാകാം. ഇപ്പോൾ പ്ലാച്ചിമടയുടെ പേരിലും ഇതുണ്ടാകാം. അതിനുള്ള ആരുടെ അവകാശവും നിഷേധിക്കാൻ പാടില്ല. കമ്മ്യൂണിസ്റ്റ്, ഗാന്ധിയൻ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ കപടന്മാർ ഉപയോഗിക്കുന്നു. പ്ലാച്ചിമടയിലും അതുണ്ടാകാം. അതാരുടെയും ഒസ്യത്തല്ല. നാളെ സിപിഎമ്മിനും കോൺഗ്രസിനും പ്ലാച്ചിമട സമരം തുടങ്ങാമെന്നർത്ഥം.

പ്ലാച്ചിമടയിലും അതിന്റെ പേരിലും ഇപ്പോൾ നടക്കുന്ന സമരത്തേയും ഞാൻ അങ്ങനെ തന്നെ കാണുന്നു. പ്ലാച്ചിമട പഠനം ഏറെക്കാലമായി നടക്കുന്നു. പക്ഷെ അതെന്തിന്? ആരെ പഠിപ്പിക്കുന്നു? ആർ പഠിപ്പിക്കുന്നു? അവിടെ ഉയരുന്ന പല പ്രയോഗങ്ങൾ പോലും തദ്ദേശീയരുടെതല്ലായെന്ന് എനിക്കു തോന്നുന്നു. സ്വാധ്യയസംഘം, ജലാധികാരം തുടങ്ങിയവ ഇത്തരത്തിൽപ്പെട്ടതാണ്. ഈ വാക്കുകൾ ഒരിക്കലും ആദിവാസികളും നാട്ടുകാരുമുണ്ടാക്കിയതല്ല. സർക്കാരിനെതിരായി സമരം ചെയ്യണം തീർച്ച. പക്ഷെ അത് ഇത്തരത്തിലാണോ? അതിനുള്ള വിപുലമായ ജനകീയ ഐക്യനിരയുണ്ടോ? ഒന്നുമറിയില്ല. ചുരുക്കിപ്പറയാം. സമരം രാഷ്ട്രീയകക്ഷികളിൽനിന്ന് 'നവസാമൂഹ്യപ്രസ്ഥാനങ്ങൾ' ഏറ്റെടുത്തുവെന്നത് ഒരു വ്യത്യാസവും വരുത്തില്ല. പേരുകേൾക്കാൻ സുഖമുണ്ടെങ്കിലും പലപ്പോഴും (അല്ല മിക്കപ്പോഴും) ഈ നവസാമൂഹ്യ പ്രസ്ഥാനങ്ങൾ സഞ്ചരിക്കുന്നത് വ്യവസ്ഥാപിത കക്ഷിരാഷ്ട്രീയച്ചാലുകളിലൂടെത്തന്നെയാണ്. കക്ഷിരാഷ്ട്രീയവുമായി തുറന്ന സംവാദം നടത്താൻ ധൈര്യമില്ലാത്തതിനാൽ 'ഒളിച്ചുപിടിച്ച' കക്ഷിരാഷ്ട്രീയം കൈകാര്യം ചെയ്യുന്നവരാണിതിൽ വലിയൊരു പങ്കും എന്നതാണ് പ്രശ്നം. പേരെന്തായാലും ഇന്നും എന്നും നടക്കുന്നത് 'വർഗസമരം' തന്നെയാണ്. 'വർഗം' എന്നതിന് പരമ്പരാഗത മാർക്സിസ്റ്റുകാർ നൽകുന്ന സങ്കുചിത അർത്ഥമല്ല, ടി.ടി. ശ്രീകുമാർ പറയുന്ന 'പാർശ്വവൽകൃതർ' (ഇരകൾ എന്നോ ചൂഷിതർ എന്നോ പറയാം. പക്ഷെ എതിർവശത്ത് ഒളിഞ്ഞും തെളിഞ്ഞും മൂലധനവും അധികാരവും തന്നെയാണ്) ഇതിൽ ഒരുപക്ഷത്തുതന്നെയാണ്. ഇവരെ 'തൊഴിലാളി വർഗ'മായി കാണാൻ കമ്മ്യൂണിസ്റ്റുകാർക്കു കഴിയില്ലെങ്കിൽ അവർക്ക് ഇന്നത്തെ വർഗസമരം മനസ്സിലാകുന്നില്ലെന്നേ പറയാനാകൂ. പക്ഷെ വർഗസമരത്തെ 'പഠനവും' 'യാത്രയും' മാറ്റുമാക്കി ചുരുക്കുന്നത് വലതുപക്ഷ രാഷ്ട്രീയമാണ്. അതല്ല പ്ലാച്ചിമട സമരത്തിന്റെ രാഷ്ട്രീയം.

*'തണൽ', കൊച്ചി – 21*

**കേരളീയം പ്രതീക്ഷിക്കുക**

- ആയുർവ്വേദത്തിന്റെ ആരോഗ്യം?
  ഗസ്റ്റ് എഡിറ്റർ:ഡോ.എം.പ്രസാദ്
- സാമ്പത്തിക പതിപ്പ്- ധനകാര്യസ്ഥാപനങ്ങൾ
  ഗസ്റ്റ് എഡിറ്റർ : ഡോ. സെബാസ്റ്റ്യൻ ചിറ്റിലപ്പിള്ളി
- മഴ – അറിവ്, അനുഭവം
  ഗസ്റ്റ് എഡിറ്റർ : വി.എം. ഗിരിജ
- കുടുംബം, ലൈംഗികത
  ഗസ്റ്റ് എഡിറ്റർ : ഡോ. ജയശ്രീ
- ടൂറിസം (സഞ്ചാരം)
  പ്രത്യേക പതിപ്പ്